"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ.വിനോദൻ.കെ.ടി.-യുടെ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലുള്ള അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**87/2025/ENVT** തീയതി,തിരുവനന്തപുരം, **26-08-2025**

---

പരാമർശം:-

1. സ.ഉ.(സാധാ)നം.**59/2024**/പരി തീയതി **31-07-2024**
2. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറുടെ **04-08-2025, 05-08-2025**-തീയതികളിലെ ഡി.ഒ.സി.സി/ഇ**2/179/2023** നമ്പർ കത്തുകൾ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **05.08.2025**- ലെ **LSGD/PD/24403/2025-DEB4** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ അന്യത്ര സേവനം അനുഷ്ഠിച്ചു വരുന്ന കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ.വിനോദൻ.കെ.ടി.-യുടെ അന്യത്ര സേവന കാലാവധി **10.08.2025**-ൽ അവസാനിക്കുന്നതിനാൽ, ടിയാന്റെ അന്യത്രസേവന കാലാവധി **11.08.2025** മുതൽ **30-04-2026** വരെ ദീർഘിപ്പിച്ച് നൽകുന്നതിന്, പരാമർശം (2) പ്രകാരം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. **30-04-2026** ന് സേവനത്തിൽ നിന്നും വിരമിക്കുന്ന ശ്രീ. വിനോദൻ കെ.ടി യുടെ അന്യത്ര സേവനം **11-08-2025** മുതൽ **30-04-2026** വരെ ദീർഘിപ്പിച്ചു നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന് ആക്ഷേപമില്ലായെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.വിനോദൻ.കെ.ടി-യുടെ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ അനുവദിച്ചിട്ടുള്ള അന്യത്ര സേവന കാലാവധി, അന്യത്ര സേവന വ്യവസ്ഥകൾ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, **11.08.2025** മുതൽ

സർക്കാർ സേവനത്തിൽ നിന്നും വിരമിക്കുന്ന തീയതിയായ **30-04-2026** വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

**3.** അന്യത്ര സേവന കാലാവധിക്കുള്ളിൽ ശ്രീ. വിനോദൻ കെ.ടി-ക്ക് പ്രൊമോഷൻ ലഭിക്കുന്നപക്ഷം ടിയാൻ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം **1**- ലെ ചട്ടം **140 (c)** പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**UNNIKUTTAN S S**

അണ്ടർ സെക്രട്ടറി

**1.** ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്.
**2.** പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം-**695003**
**3.**ശ്രീ.വിനോദൻ.കെ.ടി., ഹെഡ് അക്കൗണ്ടന്റ്, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്. (ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടർ മുഖേന).
**4.** പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള
**5.** ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
**6.** കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (**ENVT-A1/157/2025-ENVT**)

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 27-08-2025 09:48:03

സെക്ഷൻ ഓഫീസർ